**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4349.**

21.03.2018 ൽ മറുപടിക്ക്

## സൗജന്യമായി ഇന്റർനെറ്റ് സേവനം

**ചോദ്യം**

**ശ്രീ. ആർ. രാജേഷ്**
**" ആന്റണി ജോൺ**
**" കെ. ബാബു**
**" എം. സ്വരാജ് :**

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും 20 ലക്ഷം കുടുംബങ്ങൾക്കും സൗജന്യമായി ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത കെ.ഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്) സംവിധാനത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളെയും സേവനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഭൂവിവര വിനിമയ സമ്പ്രദായമനുസരിച്ചുള്ള ജിയോ മാപ്പിങ്ങ് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് മാപ്പിങ്ങ് പൂർത്തീകരിക്കാൻ കഴിയും; അതുവഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) യും (ബി) യും ആരംഭിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസം അവസാനത്തോടെ മാപ്പിങ്ങ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവിയിൽ സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ സ്ഥാപനങ്ങളുടെ സ്ഥാന നിർണ്ണയം ആവശ്യമായി വരുന്ന പക്ഷം മാപ്പിങ്ങിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**സെക്ഷൻ ഓഫീസർ**